"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 22-08-2022

## സർക്കുലർ നം

ജയിലാസ്ഥാനകാര്യാലയത്തിലെ ഉദ്യോഗസ്ഥരുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന്റെയും ലൈബ്രറി പുനരുദ്ധരിക്കുന്നതിന്റെയും ഭാഗമായി വായനാശീലമുള്ള ജീവനക്കാരുടെ താല്പര്യാനുസരണം ടി ലൈബ്രറി ഇപ്പോൾ നവീകരണത്തിന്റെ പാതയിലാണ്. ഇതിന്റെ ഭാഗമായി ജയിലാസ്ഥാനകാര്യാലയത്തിലെ ലൈബ്രറിയിലേക്ക് 4892/-(നാലായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) രൂപയ്ക്ക് പുതിയ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. ഏകദേശം ആയിരത്തോളം പുസ്തകങ്ങൾ ഉള്ള ജയിലാസ്ഥാന കാര്യാലയത്തിലെ ലൈബ്രറിയിലെ പുസ്തകങ്ങളിൽ ഭൂരിഭാഗവും കാലപ്പഴക്കത്താൽ ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയിലുമാണ്. ജയിലാസ്ഥാനകാര്യാലയത്തിലെ അക്ഷരങ്ങളെ സ്നേഹിക്കുന്ന വായനാ തല്പരരായ ജീവനക്കാരിൽ നിന്നും പുസ്തകങ്ങൾ സംഭാവനയായി സ്വീകരിക്കുന്നതിനായി ജീവനക്കാരുടേയും ബന്ധുമിത്രാദികളുടെയും അവിസ്മരണീയമായ പിറന്നാൾ ദിനം, വിവാഹ വാർഷിക ദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, വായനാശീലമുള്ള മക്കളുടെ പേരിലുള്ള സംഭാവന എന്നിവ വഴി ലൈബ്രറിയിലെ പുസ്തക ശേഖരം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി അഭ്യർഥിച്ചിരുന്നുവെങ്കിലും വളരെ കുറച്ച് പുസ്തകങ്ങൾ മാത്രമേ ലഭ്യമായിരുന്നുള്ളൂ.

ആയതിനാൽ ജയിലാസ്ഥാനകാര്യാലയത്തിൽ 19/07/2022 ൽ ചേർന്ന ഔദ്യോഗിക ഭാഷ സംബന്ധിച്ച വകുപ്പുതല യോഗത്തിന്റെ തീരുമാനപ്രകാരം ഒരു ജീവനക്കാരൻ കുറഞ്ഞത് 2 പുസ്തകങ്ങൾ എങ്കിലും ലഭ്യമാക്കുവാനും വായനാശീലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ഉദ്യോഗസ്ഥരും ആസ്ഥാനകാര്യാലയത്തിലെ ലൈബ്രറിയിൽ നിന്നും മാസത്തിൽ കുറഞ്ഞത് 2 പുസ്തകങ്ങൾ എങ്കിലും എടുത്ത് വായിക്കണമെന്നും കൃത്യമായി തിരികെ നൽകണമെന്നും നിർദേശിക്കുന്നു.

പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന്റെ ഔപചാരികമായ ഉത്ഘാടനം 26/08/2022 3 പി.എം.ന് ജയിലാസ്ഥാനകാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ വച്ച് നടത്തുന്നു.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും.

G4-19847/2022/PrHQ

daadc9